# സുവർണ്ണ പ്രശ്നം

## അഷ്ടമംഗലത്തെ പ്രകാശിപ്പിക്കുന്ന

## പൊൻപണിക്കാരുടെ

# അപൂർവ്വ സമ്പത്ത്

By S. N. മുല്ലശ്ശേരി.

കോപ്പി 1000. വില 2-Rs.

ടിപ്പ്ടോപ്പ് പ്രസ്സ്, കൂർക്കഞ്ചേരി, തൃശ്ശൂർ-7.



# വിശ്വരൂപം

1

ജന്മ; പഞ്ചമുഖൈജന്മ:
ബ്രാഹ്മണോ വിശ്വകർമ്മണ:
വേദം വേത്തു വിജ്ഞാനം
വിശ്വകർമ്മാ ജഗൽഗ്ഗുരു

2

ആകാര് ആഗമാർത്ഥഞ്ച
ശാകാരശാസ്ത്രകോവിദ:
രീകാരോദേവതോല്പത്തി:
ആശാരീത്യക്ഷരത്രയം

3

ന ഭൂമിന്ന ജലരൈശ്ച്വ:
ന തേജോ ന ചവായവ:
ന ചാകാശം ന ചിത്തംശ്ച
ന ബുദ്ധി ഘ്രാണ ഗോചര

ന ച ബ്രഹ്മാ വിഷ്ണുശ്ച
ന ച രുദ്രശ്ച താരക.
സർവ്വശൂന്യനിരാലംബ
സ്വയംഭൂർവ്വിശ്വ കർമ്മണ:

1. ഭൂമിയും, ജലവും, അഗ്നിയും, വായുവും, ആകാശവും, ചിത്തവും, ബുദ്ധിയും, പ്രാണവും, ബ്രഹ്മ, വിഷ്ണു. രുദ്രൻ നക്ഷത്രങ്ങൾ മുതലായവയും ഇല്ലാതായിട്ട് സർവ്വശൂന്യമായിട്ടിരിക്കുമ്പോൾ നിരാലംബമായി സ്വയംഭൂവായിരിക്കുന്ന വിരാട്ട് വിശ്വബ്രഹ്മം മാത്രമായിരുന്നു. ആ സ്വരൂപത്തിൽ നിന്ന് പഞ്ചമുഖ സാമ്രാട്ടായ വിശ്വബ്രഹ്മം ഉണ്ടായി ആ സ്വരൂപത്തിന്റെ പേർ എങ്ങിനെയെന്നാൽ—സദ്യോജാതം, വാമദേവം, അഘോരം, തൽപുരുഷം, ഈശാനം—എന്ന പഞ്ചമുഖദ്ധ്യാനത്താൽ—സനക, സനാതന, അഭ്ഭുവനസ, പ്രത്നസ, സുപർണ്ണസ എന്ന പേരോടുകൂടിയ മനു, മയ, ത്വഷ്ട ശില്പി, വിശ്വജ്ഞ, എന്നുള്ള പഞ്ചബ്രഹ്മാക്കൾ ഉത്ഭവിച്ചു ഈ പഞ്ചബ്രഹ്മകർത്താക്കളും, പഞ്ചശക്തികളും സൃഷ്ടി, സ്ഥിതി, സംഹാരം, തിരോഭാവം, അനുഗ്രഹം, എന്നുള്ള പഞ്ചകൃത്യങ്ങളും നടത്തിവരുന്നു.

പഞ്ചകൃത്യങ്ങളുടെ ഉത്ഭവം എങ്ങിനെ? അണ്ഡജം, സ്വേദജം, ഉൽഭിജം, ജരായുജം—എന്ന

നാലു വകയും—വാഴയിൽനിന്നു് വാഴയുണ്ടാകുന്നതു പോലെ സ്ത്രീ പുരുഷാകാരമായുള്ള ദേഹങ്ങൾ ഉണ്ടാകുന്നതുപോലെതന്നെ സൃഷ്ടി. അതെല്ലാം ഭൂമിയുടെ തൊഴിലാകയാൽ ഭൂമിയെ ബ്രഹ്മാവെന്നു പറയുന്നു.

ഭൂമിയുടെ തൊഴിലിനെ അധികരിപ്പാനയക്കാതെ എങ്ങും, വ്യാപിച്ചുകൊണ്ടു് ഭൂമിയിലുണ്ടായവയെ രക്ഷിച്ചു വളർത്തുന്നതു് സ്ഥിതിയാകുന്നു ഇതു് ജലത്തിന്റെ തൊഴിലാകയാൽ ജലംതന്നെ വിഷ്ണുവെന്നു പറയപ്പെടുന്നു.

3 ജലത്തിന്റെ തൊഴിലിനെ അധികരിപ്പാനയക്കാതെ ഭൂമിയിലുണ്ടാകുന്ന ജീവാത്മാക്കളെ വ്യാപിച്ചുകൊണ്ടു് വാതപിത്തകഫങ്ങളെ വിഷമപ്പെടുത്തി നശിപ്പിക്കുന്നതു്തന്നെ സംഹാരം ഇതു് അഗ്നിയുടെ തൊഴിലാകുന്നു. അഗ്നിയെ രുദ്രനെന്നു പറയപ്പെടുന്നു

4 അഗ്നിയുടെ തൊഴിലിനെ അധികരിപ്പാനയക്കാതെ സത്വഗുണം മാത്രമായി പ്രധാനമായിരുന്നുകൊണ്ടു് കാരണങ്ങൾ എല്ലാം അടങ്ങി കാണ്മാനില്ലാത്ത സ്ഥിതിയിൽ മറഞ്ഞിരിക്കുന്നതു് തിരോഭാവം ഇതു വായുവിന്റെ തൊഴിലാകയാൽ വായുതന്നെ മഹേശ്വരനെന്നു പറയപ്പെടുന്നു.

5 വിരാട്ട് വിശ്വബ്രഹ്മം ജ്യോതിസ്വരൂപമമായുള്ള പരമവെളിയിൽ ഉദിച്ച് വായുവിൻെറ തൊഴിലിനെ അധികരിപ്പാനയയ്ക്കാതെ സംഹരിക്കപ്പെട്ട ജീവാത്മാക്കളെ തന്നിലുൾപ്പെടുത്തി മുക്തിയെ കൊടുക്കുന്നതുതന്നെ അനുഗ്രഹം

## ബ്രഹ്മവംശത്തിൻെറ കൃത്യം

1. ബ്രഹ്മവംശത്തിൽ "മനു' ആചാരി—അയ അല്ലെങ്കിൽ ഇരുമ്പ്‌വേലയും. ഋഗ്വേദപാരായണവും ഔപാസനവും, അഗ്നിഹോത്രവും ഉള്ള സംഹാരകർത്താവായ രുദ്രസൃഷ്ടി എന്നു പറയപ്പെടുന്നു.

2. "അയാ മനു ഋഗ്‌ജാതം'' എന്നുള്ള വേദവാക്യപ്രകാരം സകല വർണ്ണാശ്രമികൾക്കും സൃഷ്ടിപരിപാലനാർത്ഥമായി ഗർഭത്തിലുണ്ടായ ശിശുവിനെ കൊടിത്തണ്ട മുറിച്ച് മാതാവിനെയും ശിശുവിനേയും വേറെയാക്കി ധർമ്മാർത്ഥകാമമോക്ഷങ്ങളെ സാധിപ്പാൻ—കാർമുന, കത്തിമുന, കതിർമുന, ത്രാസുമുന-എഴുത്താണിമുന ഇവകളെക്കൊണ്ട് ലോകരക്ഷക്ക് പഞ്ചകൃത്യം ചെയ്യുന്നത് രുദ്രൻെറ തൊഴിലെന്നു യജുർവേദത്തിൽ പറയുന്നുണ്ട്.

2. "മയാദാരുയജുസ്ഥധാ" എന്നു വേദവാക്യപ്രകാരം യജുർവ്വേദപാരായണവും. സകലജീ

വനെ കാത്തുസൂക്ഷിക്കുന്നപ്രകാരം ദാരു (മരം) മര വേലയും ഉള്ളതിന്നു പുറമെ വിഗ്രഹം മുതലായതുകളെയും അനുഗ്രഹിക്കപ്പെട്ട ആത്മാക്കൾക്ക് അവസ്ഥപോലെയുള്ള സാമാനങ്ങളും പണിചെയ്യുന്ന വിഷ്ണുവിന്റെ തൊഴിലെന്നു പറയപ്പെടുന്നു അതുകൊണ്ടു രക്ഷിക്കുന്നവരാകുന്നു മയാ ആചാരിയർ.

3 "താമ്രതചഷ്ടജാസാമം" എന്ന വാക്യപ്രകാരം താമ്ര(ചെമ്പ്) സൃഷ്ടിയും സാമവേദ പാരായണവും കരുവുണ്ടാക്കി ഉരുവാക്കി ഷൺമുഖസ്ഥാപന വിഗ്രഹങ്ങളെയും, സൃഷ്ടിച്ച് യാഗശാലയിൽ വേണ്ടുന്ന പൂജാസാധനങ്ങളും ഉണ്ടാക്കുന്നന്ന ബ്രഹ്മാവിന്റെ തൊഴിലെന്നും യജുർവേദത്തിൽ പറയുന്നുണ്ട്.

4. ശിലാശില്പി അഥർവ്വണ:—എന്ന വേദവാക്യപ്രകാരം അഥർവ്വണ വേദപാരായണവും ശില (കല്ല് കരിംകല്ല്) കൊണ്ടുണ്ടാക്കുന്ന വിഗ്രഹങ്ങളും ഷൺമതസ്ഥാപനവും, ഗോപുരം മുതലായ ദേവാലയനിർമ്മാണവും, ജീർണ്ണോദ്ധാരണവും, വേദമന്ത്രബീജ ആവാഹനവും, അഷ്ടദിക്കിലെ ക്രിയകളും നിർമ്മിച്ച് മോക്ഷാർത്ഥമായി ബ്രഹ്മജ്ഞാനങ്ങൾക്കും, നിയമം നിഷ്ഠ അഷ്ടാംഗയോഗം—സമാധി മുതലായ ക്രിയകളും. സമ്പ്രത അദ്വൈത

ബ്രഹ്മസ്വരൂപമായ–വിരാട്ട് വിശ്വബ്രഹ്മത്തെ വണങ്ങുവാൻ ഹേതുവായും–ദേവന്മാക്ക് സ്ഥപതി ആചാരിയായിരുന്ന് സമസ്തമന്ത്രാംശങ്ങളാൽ സർവ്വാധാരദേവതകളും അഷ്ടാദശവർണ്ണങ്ങളും മോക്ഷം പ്രാപിപ്പാൻ ശില്പി ആചാരിയുടെ സൃഷ്ടിയെ ദേവേന്ദ്രന്റെ സൃഷ്ടിയെന്ന് യജൂർവേദത്തിൽ പറയുന്നുണ്ട്. ആകയാൽ ഇന്ദ്രൻ തന്നെയാകുന്ന ശില്പി ആചാരി

"ഔരസഭ്യസ്വർണ്ണാക്പ്രണവം
പഞ്ചബ്രഹ്മ വിധീയതെ"

എന്ന വേദവാക്യപ്രകാരം പ്രണവവേദപാരായണവും സർവ്വവർണ്ണാശ്രമികൾക്കും, സർവ്വദേവന്മാക്കും പ്രകാശമുള്ള പൊൻവെള്ളി തങ്കങ്ങൾകൊണ്ടുള്ള ആഭരണങ്ങൾ സൃഷ്ടിക്കകയും അഷ്ടാദശ വർണ്ണങ്ങൾക്കും അഷ്ടവിവാഹത്തിലുൾപ്പെട്ട വർണ്ണാശ്രമികൾക്കും മംഗല്യദോഷമില്ലാതെ ധരിക്കത്തക്കവിധം മംഗല്യമുദ്രയെ സൃഷ്ടിച്ചുകൊടുത്ത് അനുഗ്രഹം ചെയ്യുകയുമാകുന്ന ചതുർവിധപുരുഷാർത്ഥങ്ങളും അടങ്ങുന്ന പ്രകാരം അനുഗ്രഹംചെയ്യുന്ന സൂര്യ്യ സൃഷ്ടിയെന്ന് യജൂർവ്വേദത്തിൽ പറയുന്നു ആ സൂര്യ്യൻതന്നെ വിശ്വജ്ഞ ആചാരിയിൽ ഈ അഞ്ചുവിധ ബ്രഹ്മകർമ്മങ്ങളെ അനുഷ്ഠിച്ചുവരുന്നതിനാൽ ലോകസംരക്ഷണയെന്ന് പറയപ്പെടുന്നു

ഋക്ക്—യജുർ—സാമം—അഥർവ്വണം—പ്രണവം—മൂലസ്തംഭം—എന്ന വേദങ്ങളിൽ പറയുന്ന കർമ്മാനുഷ്ഠാനംകൊണ്ട് ഇവർലോകത്തെ അനുഗ്രഹംചെയ്യുണ്ടവരാകുന്നു ഇങ്ങനെ മനു—മയ—ത്വഷ്ട—ശില്പി വിശ്വജ്ഞ എന്ന ക്രമത്തിൽ ആ പഞ്ചബ്രഹ്മത്തിന്റെ പ്രതിനിധികളാകുന്നു—ഇതിനുള്ള ശാസ്ത്രം—വേദങ്ങളും മൂലസ്തംഭം, ആറുശാസ്ത്രം, പതിനെട്ടുപുരാണം, ആഗമസിദ്ധാന്തം, ഇതിഹാസങ്ങൾ, വജ്രസൂചിയും നാഗരകാണ്ഡം, ശില്പിന്തൽ മുപ്പത്തിരണ്ടിൽ വിശ്വാചാരം, വിരുത്തം, താവട്ടം, നളം, മയം, ഹനുമാൻ, ഭാനു, കല്പാരിയം, ചിരുട്ടം, മാനാചാരം, വാസ്തു വിദ്യാപതി, പാരാചാര്യം അരീടികം, ശയിത്തകം, വാസ്തുബോധം, വിസ്താരം, ഇന്ദ്രം, വജ്രം, കരമം വിശ്വകാശ്യപം മഹറത്തിരം, വിശാലം, ചിത്രം കപിലകാലയൂപം, നാമസംഹിത, സാത്വീകം, വിശ്വബോധം, ആദിസാരം, ബഹുശ്രുതം, മാനഭേദം, മുതലായ ഗ്രന്ഥങ്ങളും പ്രമാണങ്ങളാകുന്നു. എന്നുതന്നെയുമല്ല ഈ അഞ്ചു സൃഷ്ടിക്കും മേലെ ഒരു സൃഷ്ടിയുമില്ല അഞ്ചുസൃഷ്ടിയിലടങ്ങിയതാകുന്നു സകല സൃഷ്ടിയും അതുകൊണ്ട് പഞ്ചകർത്താക്കളുടെ പ്രതിനിധികളായ അവതാരസ്വരൂപങ്ങളാകുന്നാവെന്നും യജുർവേദത്തിൽ പറയുന്നുണ്ട്.

അതെങ്ങിനെയെന്നാൽ
മനബ്രഹ്മമെണെ ഉമാമഹേശ്വരാഭ്യാം നമ:
മയബ്രഹ്മമെണെ ലക്ഷ്മീ നാരായണാഭ്യാം നമ:
ത്വഷ്ടബ്രഹ്മമെണെ വാണീ ഹിരണ്യഗർഭ്യാം നമ:
ശില്പി ബ്രഹ്മമെണെ ശചീ-പുരന്ദരാഭ്യാം നമ:
വിശ്വജ്ഞ ബ്രഹ്മമെണെ സവിതർഭാസ്കരാ—
ഭ്യാം നമ:

---

**N. B.** വിശ്വബ്രാഹ്മണവംശക്കാരും, രാജാക്കന്മാരും തമ്മിലുണ്ടായിരുന്ന ഒരുമയെ വ്യാസൻ കണ്ടു തൻെറ അഭിപ്രായംപോലെ ഒന്നും നടക്കാതായപ്പോൾ സാമ, ദാന, ഭേദ, ദണ്ഡമെന്ന നാലു വക ഉപായത്താൽ വിശ്വബ്രാഹ്മണവംശക്കാരെ ഒരുവരും ബഹുമാനിക്കാതെ തങ്ങളുടെ വംശക്കാരെ ഭ്രഷ്ടബ്രഹ്മണരെ എല്ലാവരും ബഹുമാനിക്കത്തക്കവിധത്തിലാക്കുവാൻവേണ്ടി ചെയ്ത വശ്യം, ഭേദനം, സ്തംഭനം, മോഹനം, ആകർഷണം, ഉച്ചാടനം, വിദ്വേഷണം, മാരണം എന്ന അഷ്ടകർമ്മങ്ങളാൽ കലഹിപ്പിച്ചു മദ്യമാംസങ്ങളെ ഭുജിപ്പിച്ച് മദോന്മത്തരാക്കി വിശ്വബ്രഹ്മവംശക്കാരോട് വേദശാസ്ത്രങ്ങളെ അപഹരിച്ചു എന്നുമാത്രമല്ല തന്നിഷ്ടം പോലെ പുരാണങ്ങളെ നിർമ്മിച്ചു അതിൽ അനേകം മിത്രഭേദംവരുത്തി പൊള്ളിക്കഥകളും കള്ളക്കഥകളും പ്രചരിപ്പിച്ചു ജനങ്ങളെ സത്യവിശ്വാസമില്ലാത്തവരാക്കിയ ഉള്ളുകള്ളികൾ രണ്ടാംപതിപ്പിൽ വിശദീകരിക്കാം. നമസ്തേ.

ദിനചര്യ.

ഉത്ഥായോഷസി ദേവതാം ഹൃദിനിജാം
ധ്യാത്വാവ പുശ്ലോധനം
കൃത്വാസ്നാനപുരസ്സരം സലിലവി–
ക്ഷേപാദി കർമ്മാഖിലം
കൃത്വാ മന്ത്രജപാദികം ച വിധിവൽ
പഞ്ചാംഗവീക്ഷാം തഥാ
ഖേടാനാം ഗണനം ച ദൈവവിദഥ
സ്വസ്ഥാന്തരാത്മാഭവേൽ.

ദൈവജ്ഞ–അരുണോദയസമയത്തിൽ ഉണൎന്നെഴുന്നേററു തൻെറ പരദേവതയെ ഭക്തിപുരസ്സരം മനസ്സുകൊണ്ടു് ധ്യാനിച്ചു് മലമൂത്രവിസൎജ്ജനം ചെയ്തു് ശൌചാചമനാദികൊണ്ടു് ദേഹശുദ്ധി വരുത്തി സ്നാനംചെയ്തു സന്ധ്യാവന്ദനം മുതലായ കൎമ്മങ്ങളെയെല്ലാം വൈകല്യംവരാതെ ചെയ്തു താനുപാസിക്കുന്ന മന്ത്രത്തെ ജപിച്ചു പഞ്ചാംഗംവെച്ചു ഗ്രഹഗണനംചെയ്തു മനോവിചാരം ഒന്നും കൂടാതെ സ്വസ്ഥചിത്തനായിരിക്കണം.

(പ്രശ്നമാൎഗ്ഗം)



# നവമംഗല്യം

ഓംകാരപഞ്ജരശുകീ! സുരലോകഹംസീ!
ഓംകാരനാദലഹരീ മധുപീതഭൃംഗീ!!
ഓംകാരരൂപിണീ മഹേശ്വരീ മംഗളാംഗീ
ഓംകാരദർശിനീശിവേ! സതതംനമസ്തേ!

വന്ദിച്ചേൻ വിശ്വകർമ്മാള
നന്ദനൻ കർമ്മസംഭവൻ
വന്ദിച്ചേൻ വേദമൂല്യത്തെ
വന്ദിച്ചാത്മാവിലെപ്പോഴും 1

വർണ്ണിക്കും സ്വർണ്ണവർണ്ണത്തെ
വിണ്ണോരും, മന്നരും ഭുവി
വർണ്ണഭേദങ്ങളുള്ളോർക്കും
സ്വർണ്ണശാശ്വതമൂല്യമാം 2

ദേഹത്തിൽ സ്വർണ്ണമില്ലെങ്കിൽ
ദേഹി നിഷ്ഫലവസ്തുവാം

അച്യുതാർത്ഥമതാണല്ലോ
നിശ്ചയം തങ്കമോർക്കിൽ 3

തങ്കമേ! നിന്നെ വന്ദിക്കാം
എങ്കൾക്കാമ്പിലെപ്പോഴും
ശങ്കകൂടാതെ വർത്തിപ്പാൻ
ശങ്കരി കൈതൊഴുന്നു ഞാൻ. 4

പൊന്നു പൊന്നമ്മയല്ലേ നീ–
പൊന്നേയെൻ ബോധമൂലികേ!
പൊൻപണിക്കുക മാതാവേ!
നിൻപാദം പണിയുന്നു ഞാൻ. 5

പൊന്നുരുക്കി ഫലം ചെല്ലാ–
നെന്നോടോതുക ഭാരതി.
ശാസ്ത്രോക്തം വ്യക്തമായെല്ലാം
വിസ്തരിക്കേണമംബികേ! 6

കാഞ്ചനസ്തനിയന്നേരം
പുഞ്ചിരിച്ചരികേ ജവാൽ
വന്നിരുന്നരുളിച്ചെയ്തു
വീണാ പുസ്തക ധാരണി. 7

ശ്രവിക്കൂ!–പ്രിയഭക്തനീ
പാവനം നിന്നഭീഷ്ടദം
ധരിയ്ക്കൂ! ശ്രദ്ധയാ ചിത്തേ
സ്മരിക്കൂ! സത്യമോതിടാം. 8

മണ്ണിനാൽ കണ്ഡമുണ്ടാക്കി
സപ്ലാഗ്നൻ ഉമിയിട്ടതിൽ
ചിരട്ടക്കനൽ ക്രമേണം
മദ്ധ്യത്തിൽ പ്രജ്വലിക്കണം 9

അരികെ ഗംഗയുംവേണം
നിശ്ചയം ശാസ്ത്രശാസനം
കുഴലും, കുടിലും, നന്നാ–
യഴകുള്ളവയാകണം. 10

ബാഹ്യാന്തര സംശുദ്ധി
ശില്പിക്കുണ്ടായിരിക്കണം
ഗുരുനാഥനെ ഹൃത്താരിൽ
കരുതി സ്ഥിതിചെയ്യണം 11

നിറ, പറ, പുഷ്പം, ദീപം
താമ്പൂലക്ഷതാദിയും
ഇരക്ഷിച്ച ലക്ഷണം പാൎത്തു
ലക്ഷ്യം തെറ്റാതിരിക്കണം 12.

പ്രഷ്ടാവിൻ ശബ്ദവും, വാക്കും
ചേഷ്ടാഭേദങ്ങളൊക്കെയും
ശ്രദ്ധയിൽ കണ്ടറിഞ്ഞിടും
ശില്പിലക്ഷണ യുക്തവാൻ 13

നിമിത്തം പലതുണ്ടാവാം
ഗൌളിചൊല്ലും ഫലാഫലം

കാകൻറം കാൎയ്യമോതീടും
ദൈവജ്ഞൻ ശില്പിയാകണം. 14

ധൎമ്മംതെററാതെയാൎജ്ജിച്ച
സ്വൎണ്ണം പ്രശ്നകനാദരാൽ
പൂൎവ്വാദിമുഖമായ്നിന്നു
ഭക്ത്യാ പത്മത്തിൽ വെക്കണം. 15

ആരൂഢമുദയാരൂഢം
ഗ്രഹസ്ഥിതിയുമംശകം
ഗണിച്ചുവെച്ചുരക്കേണം
സ്വൎണ്ണം സുസ്ഥിര ചിത്തനായ്. 16

പൊൻകാരം ശുദ്ധിചെയ്യേണം
തങ്കപ്പൊന്നതിയുരക്കവാൻ
കണ്ഡശോധന ചെയ്യേണം
പണ്ഡിതൻ പരിശുദ്ധനായ് 17

പാത്രശുദ്ധിയെ ശാസ്ത്രങ്ങൾ
കീൎത്തിക്കുന്നു പ്രധാനമായ്
മൂശയോ കണലൊന്നന്നായ്
കഴുകി സംസ്കരിക്കണം. 18

അന്നത്തെ വാരനക്ഷത്രം
തിഥി സാദ്ധ്യങ്ങളൊക്കെയും
ഉള്ളിലുന്നിയുരക്കേണം
ഉള്ളകള്ളിയറിഞ്ഞിടാൻ 19

ഉരുകിത്തെളിയുന്നേരം
കണൽ മൂടിത്തെളിക്കണം
കഴലും, കടിലുംകൂട്ടി
ത്തൊഴുതിടേണമാദരാൽ 20

ഗുരുനാഥനെ വന്ദിച്ചും
ഇളകാതെയെടുത്തുടൻ
നീരിൽമുക്കിട്ടു കൈത്താരിൽ
വെച്ചുനോക്കുക ലക്ഷണം. 21

ആദ്യമായുസ്സിനെ നോക്കൂ!
പിന്നെ ഭാഗ്യമഭാഗ്യവും
അടിസ്ഥാനത്തിലാണല്ലോ
ആയുസ്സിൽ ഗതിനിർണ്ണയം. 22

രോഗമാരോഗ്യവും ചൊല്ലാം
ആത്മജ്ഞാനിക്ക നിശ്ചയം
അടിഭാഗം പരപ്പാന്നും
ഇളകാതെയിരിക്കുകിൽ 23

ദീർഘായുസ്സെന്നു കല്പിക്കാം
ലക്ഷണസ്ഫുടദൃഷ്ടിയിൽ
ഉയർന്നിട്ടുയിർമുനയുണ്ടായാൽ
ശുഭകാര്യായ വർദ്ധന. 24

പൊന്നൊലിയുണ്ടെന്നാകിൽ
പൊൻവരവുണ്ടെന്നറിക്കണം.

നെറ്റ്കിൽ കഴികണ്ടീടിൽ
തീരുംമുമ്പെയുരുക്കണം. 25

അരികിൽ കഴിയുണ്ടായാൽ
പുലശൂന്യം പറഞ്ഞീടാം
സ്ഥാനഭേദങ്ങളും നോക്കേണം
കാലഭേദവുമങ്ങനെ. 26

ഗതിഭേദങ്ങളെന്നല്ല
ഗോചരം ത്രിസ്ഫുടങ്ങളും
സൂക്ഷ്മമായി ഗ്രഹിക്കേണം
സർവ്വജ്ഞൻ ശില്പിയാകണം 27

ഭൂതഭാവി ഫലംകണ്ടും
വർത്തമാനം പറഞ്ഞിടാം
അറിയേണ്ടവ ചോദിച്ചാ–
ലറിയുംവിധമോതണം. 28

ചാലുവീണരുകിക്കണ്ടാൽ
ഫലംചൊല്ലാമസംശയം
അർത്ഥലാഭാഗമംക്ഷിപ്രം
അപ്രകാരം ഗമിപ്പതും 29

മുകൾഭാഗമുരുണ്ടേററം
തെളിവോടൊലിലക്ഷണം
ധർമ്മദൈവപ്രസാദത്താൽ
ശർമ്മം സംഭവിച്ചീടും 30

കാരപ്പുറമറ്റാട്ടിനിന്നീടിൽ
മാരണം വൈരിയാൽ കൃതം
കാര്യകാരണമൂഹിച്ചു
പറയാമറിയുംവിധം. 31

വസ്ത്രഭേദങ്ങൾ നോക്കീട്ടും
പറയാനുണ്ട് ലക്ഷണം
രക്തച്ഛായമതും ധൂമ്രൌ
രണ്ടുമുണ്ടെന്നു കാൺകിലോ 32

നിശ്ചയിച്ചുപറഞ്ഞീടാം
ഭർത്താവു ശ്രമതെററിടും
രക്തവസ്ത്രം തനിച്ഛായാൽ
ശത്രുവാൽ മൃതി നിശ്ചയം 33

ചരിവും, കോട്ടവും, വാമ
ഭാഗത്തുണ്ടെന്നിരിക്കിലോ
പ്രഷ്ടാവിന്നംഗഹീനത്വം
നിശ്ചയിച്ചുരചെയ്യണം. 34

മയിലിൻ പീലിപോൽ വസ്ത്രം
കട്ടിക്കുണ്ടെന്നു കാണുകിൽ
നാരിയാണെങ്കിൽ കാമാർത്തി
പൂണ്ട കാമിനി നിശ്ചയം. 35

കണൽവിട്ടുരുകന്നാകിൽ
സ്ഥാനഭ്രംശം പറഞ്ഞിടാം
കണൽപൊട്ടിത്തകർന്നെങ്കി-
ലർത്ഥനാശവുമോതുക. 36

കണ്ണമാൽ കലയുണ്ടായാൽ
വാക്കാണം കലഹംവൃഥാ
കാലദോഷാൽ ഭവിച്ചീടും
ഭൂതബാധകളുംഫലം 37

ഒന്നിനൊന്നെതിരായ്ക്കാണും
ലക്ഷണത്തിൻ ഫലങ്ങളെ
സൂക്ഷ്മമായി ഗ്രഹിച്ചീടാൻ
സൂത്രജ്ഞൻ ശില്പിയാകണം 38

സത്യമായിപ്പറഞ്ഞീടാൻ
ശാസ്ത്രമുണ്ടിനിയും തുലോം
താംബൂലലക്ഷണംവഹ്നി,
ലക്ഷണം ദീപലക്ഷണം 39

ശ്വാസത്തിൻ ഗതിയുംനോക്കി-
പ്പറയാം പലകാര്യവും
ഹോരാ ശാസ്ത്രത്തെയും പ്രശ്ന-
മാർഗ്ഗത്തെയും യഥാവിധി 40

ഗ്രഹിച്ചുള്ളിലെപ്പോഴും
ശോഭിക്കേണം വിളക്കുപോൽ
അനേകശാസ്ത്രവിജ്ഞാനം
അകതാരിൽ കുടികൊള്ളുകിൽ 41

അതീവ ശോഭനം പാരി-
ലതിമാനുഷനാണവൻ

ഗുരുവില്ലാത്ത വിജ്ഞാനം
അരിയില്ലാത്ത നെല്ലുപോൽ 42

പരിശോധിക്കയില്ലൊട്ടും
ഗുരുതാൻ സർവ്വകാരണം
ഗുരുകാരുണ്യമുണ്ടായാൽ
വരുമെല്ലാഗ്ഗുണങ്ങളും 43

ഗൂഢതത്വങ്ങൾ കണ്ണത്തിൽ
ദൃഢമായോതീടും ഗുരു
മററാരുമറിയാതോതും
ഉററശിഷ്യന ഭദ്രമായ് 44

സംശയാത്മാക്കളോടോതും
ലക്ഷണം ശൂന്യമായിടാം
ധാരാളം മദ്യപിക്കുന്നോ_
രാരാധാലുമൊരിക്കലും 45

ശാസ്ത്രാർത്ഥം സത്യമെന്നാലും
ശില്പിചൊല്ലുതല്ലവും
പരസ്ത്രീസക്തരോടോതും
ലക്ഷണം ചിലതൊത്തീടും 46

ഝക്കലും തെററു പററിടം
മൂർഖരോടോതിടും ഫലം
അന്യവസ്തുവിലത്യാർത്തി
ദുരയും, ദുർവിചാരവും 47

പാർമുള്ളവരോടോത്തും
ഫലങ്ങളഫലങ്ങളും
ശാസ്ത്രമിങ്ങനെയോതുന്നു
സൂത്രമുണ്ടിതിനൊക്കെയും 48

പരിഹാരം വിധിക്കുന്നു
പരമേശ്വര ചിന്തനം
പരമാത്മജ്ഞാനമുണ്ടായി
വരുവാനേകസാധനം ॥ 49

ഓം നമഃശിവായ ഓം നമഃശിവായ
ഓം നമഃശിവായ ഓം

ഓം നമഃശിവായ ഓം നമഃശിവായ
ഓം നമഃശിവായ ഓം

ഓം നമഃശിവായ ഓം നമഃശിവായ
ഓം നമഃശിവായ ഓം

ഓം നമഃശിവായ ഓം നമഃശിവയ
ഓം നമഃശിവായ ഓം.

★

# അഭിപ്രായം.

★

ദൈവ വിത്തുക്കളായ ആചാരികൾ അഥവാ ആചാര്യന്മാർ സിംഹഭാഗവും അനാചാരികളായി ആചാരിപദാർത്ഥം നാറിപ്പുളിച്ച ലഹരിപദാർത്ഥമായിത്തീരാതിരിപ്പാൻ ത്വരിതഗതിയിൽ ശ്രമിക്കേണ്ടിയിരിക്കുന്നു. ആ ശ്രമത്തിന്റെ ആമുഖത്ത് ഒരു പുതുമുഖമായി ശബ്ദമുയർത്തുന്ന S. N. മുല്ലശ്ശേരിയുടെ വാസനാഗമം ആശാരിവംശത്തിനും, വിശേഷേണ അഖില കേരള വിശ്വകർമ്മാളക്കും സ്വാഗതാർഹമായിരിക്കും.

അഷ്ടമംഗല നാശീശന്മാരുടെ പ്രശ്നംകൊണ്ടുണ്ടാകുന്ന അനർത്ഥങ്ങൾക്ക് ഒരുപൂർണ്ണ വിരാമമായ ഈ സ്വർണ്ണ പ്രശ്നം വേണ്ടപോലെ വിജയിപ്പിക്കുവാൻ പൊൻപണിക്കാർ ശ്രമിച്ചാൽ അവരുടെ അടിസ്ഥാനമായ അധഃപതനത്തെ ഉദ്ധരിക്കുവാൻ സാധിക്കുന്നതാണ്.

പൊൻപണിക്കാർ=സൽകർമ്മികൾ നല്ല തൊഴിലാളികളെന്നും പൊൻ എന്ന പദംകൊണ്ട് വിശേഷിപ്പിക്കുന്നു

ഉദാ........പൊന്നുമോൻ

E. S. സുബ്രഹ്മണ്യൻ.

| |
|---|
| ഓം നമ:ശിവായ |
| ഓം നമ:ശിവായ |
| ഓം നമ:ശിവായ |
| ഓം നമ:ശിവായ |
| ഓം നമ:ശിവായ |



# വേദസുധ.

By S. N. മല്ലശ്ശേരി.

വില-50 Ps.

ടിപ്പ്ടോപ്പ് പ്രസ്സ്, കൂർക്കഞ്ചേരി, തൃശ്ശൂർ-7.

# എന്റെ അച്ഛൻ

1

നന്നായൊട്ടുചരിഞ്ഞിഴഞ്ഞ നടയും,
തുഞ്ചത്ത് മൊട്ടുള്ളതാ–
യെന്നും ഞാൻ കണികണ്ടിടുന്നൊരു മര,
ക്കോലും ധരിച്ചങ്ങനെ.
ഇന്നാളോർക്കരസിച്ചിടാത്തൊരു പഴം,
കപ്പായവും, മുണ്ടുമാ–
യെന്നച്ഛന്റെ നടത്തമിങ്ങനെയഹോ!
“ചങ്കുണ്ണി”യെന്നാണ് പേർ!!

2

മണ്ണിലുണ്ടച്ഛനും, മോനും
കണ്ണിൽ കാണാത്ത കാഴ്ചയിൽ
മണ്ണിൽ നാമൈക്യമായ്തീർന്നാൽ
വിണ്ണവർ നമ്മളൊക്കെയും.

3

അമ്മയിൽ അപ്പനെക്കാണു–
ന്നമ്മേ! ഞാൻ;– അച്ഛനമ്മയായ്
അമ്മതാനച്ഛനും മോനും
അമ്മതാ നീശ്വരീശ്വരൻ.

4

മർയാബ്സ്ഥത്തിലായെൻറ
കായംച്ചുട്ടകരിക്കവാൻ
നീയല്ലേ കാരണം കർത്താ–
വായതും കാര്യനായതും.

5

"കാളി" മർത്തിവിൽനിന്നുണ്ടായ്
കാളകണ്ഠാത്മജൻ പിതാ
"കട്ടാപ്പ" കട്ടനായ് പുണ്യ–
പ്പെട്ടവൻ പൊന്നു തമ്പുരാൻ

6

ജാതിഭേദങ്ങളില്ലാത്തോൻ
ജാതിവൈരം വെടിഞ്ഞവൻ
ജാതിക്കാരറിയാതെ ക–
ജാതിയായ് ജാതനായവൻ

7

അമ്പാടിക്കണ്ണനാണച്ഛൻ
സമ്പൂർണ്ണൻ സകലത്തിലും
അമ്പിനോടഗ്ഗതെകണ്ടോ–
രമ്പിളിക്കലയെൻപിതാ.

8

പുറ്റമൺ പുരയിൽ പെററ
പുററമൺ പുരവാസിയായ്

പുറ്റുമൺപുരയിൽ തന്നെ
ചുറ്റിപറ്റി വാത്മീകിയെൻപിതാ!

9

“എലിയൻ കന്നത്ത്” “ശങ്കുണ്ണി”
എലി വാഹന പൂജിതൻ
മലവാഴിയെ സേവിച്ചു
മലബന്ധ മൊഴിച്ചവൻ

10

തിയ്യരിൽ തീയനാണച്ഛൻ
തീയിൽ പൊൻപണി ചെയ്യുവോൻ
മെയ്യാഭരണമെല്ലാം തൻ–
കയ്യാൽ തീർക്കും കലാനിധി !

11

സന്യാസിപ്രിയനാണച്ഛൻ
തന്നിൽ ദേശികനായവൻ
ഭിക്ഷുവിൽ ഭിക്ഷുവാണച്ഛൻ
ഭിക്ഷതെണ്ടിയ ശങ്കരൻ.

12

കാളിദാസൻ മഹാരാസൻ
കാളിദാസ പ്രിയൻ പിതാ
കാളിന്ദീ വല്ലഭൻ കൃഷ്ണൻ
കേളിയാടുന്നു ഹൃത്തടേ!

13

സർവ്വാംഗം ഭൂതി പൂശുന്നോൻ
ചന്ദ്രക്കറിയുള്ളവൻ
കർമ്മക്ഷേത്രത്തിലെൻ ദൈവം
ധർമ്മ ദൈവം പിതാമഹൻ.

14

കമാർകവചം തൊട്ട
കാമാരി നാമ സാധകൻ
താമസിക്കുന്നു താനെന്നിൽ
താമസങ്ങളൊഴിക്കുവാൻ

15

ആശാരി!—പൊൻ പണിക്കെന്നും
ആചാര്യൻ പൊന്നു തമ്പുരാൻ
ശ്രീരാമകൃഷ്ണനായെന്നിൽ
ധാരണാധരണീശ്വരൻ.

16

ബ്രാഹ്മണപ്രിയനാണച്ഛൻ
സുബ്രാഹ്മണ്യൻ മഹേശ്വരൻ
വിശ്വകർമ്മാളെനൻതാതൻ
വിശ്വരൂപം ജയിക്കണേ !!

17

സമസ്തന്യ പരാധാനി
ക്ഷമസ്വ കരുണാനിധേ!
പ്രസീദമൽഗുരോ! ദേവ !
ജനകായ നമോ ! നമ !!

# വേദപാഠം

★

1

തട്ടാനോതുന്ന വേദങ്ങൾ
തട്ടട്ടെ ! ശുദ്ധബുദ്ധിയിൽ
തട്ടാനായ് തട്ടിനോക്കട്ടെ !
തട്ടാനഖില സാക്ഷവൻ.

2

ജാതി വൈരം വൃഥാവൈരം
ജാതിയുള്ളത് വാസ്തവം
ഭേദം കൂടാതെ വർത്തിപ്പാൻ
വേദമോതുന്ന ഞാൻ വൃഥാ.

3

"പലജനത പലേ നിബന്ധനം
പല നഗരം പല വേഷഭാഷകൾ"
പലതുമിതു കണക്ക കണ്ടുകാണാം
കുലവിദ്യാ മനുജാ! മറന്നിടായ്ക.

4

തീണ്ടലുണ്ടെത്രയുണ്ടെന്നും
തീണ്ടക്കാരുണ്ട് തീണ്ടിയാ-
ലുണ്ടാകും ദുഷ്ടരോഗങ്ങൾ
കണ്ടാമുണ്ടികൾ പിന്നെയും

5

മറന്നുപോകകാലാ മദ്യം
മറന്നാലത്ര പുണ്യമാം
പറന്നുപോയിടാം മദ്യം-
മറന്നാലത്തുണ്ടിടാൻ

6

ആനയും, അജവും തിന്നു-
ന്നാഹാരം നരസത്തമം
നരിയും, പുലിയും തിന്നു-
ന്നാഹാരം * * * * *

7

നായ്ക്കൾ. ചെന്നായ്ക്കളും തൊ[illegible]
മാനും, മർക്കട ജാതിയും
ആഹാരത്താൽ വളർന്നുള്ള
സംസ്കാരം ദൃശ്യമല്ലയോ !

8

ജാതിയും, മതവും, വേണം;
ജാതിഭേദങ്ങൾ മാററണം
മതമേവന്ത മീതത്വം
മതമായ് തീരണം ഭുവി.

9

സത്യസംരക്ഷണത്തിന്നാ-
യസത്യം വേണമെങ്കിലും

സത്യത്തെ സംഹരിക്കുന്നോ-
രസത്യം നാരകം ധ്രുവം.

10

ഹിംസിക്കണം ജ്ഞാനികൾ; വേണ്ടതൊന്നും
ഹിംസിക്കൊലാ;- വേദമതാണുറപ്പു്!
അഹിംസകന്നല്ലവു മില്ലസൌഖ്യം
അഹിംസകൻ ഹിംസകനായിടേണം.

11

സമാധാനിയല്ല സർവ്വത്ര
സമാധാനം പരാജയം
സമാധാനം വദിക്കുന്നോർ
സമാധാനികളായിടാ!

12

സ്ത്രീ സംഗമെവനും വേണ്ടാ
സ്ത്രീയായ് സംഗം ത്യജിക്കണം
പുരുഷാർത്ഥങ്ങൾ സാധിപ്പാൻ
നാരീ ഭേഷജമെവനും.

13

ബന്ധമില്ലാത്ത സംസാര-
ബന്ധത്തിൽ സ്വപ്നബുദ്ധികൾ
തോൽപ്പാവകളെന്നോണം
ചലിപ്പൂ! ലോകവീഥിയിൽ

14

മായാവിദ്യയെ വെന്നീടും
ആത്മവിദ്യാധരൻ മുനി

ത്രികാലജ്ഞനവൻ ശില്പി
ത്രിലോകേശനഹോ! ശിവൻ

15

അറിയാതലയുന്നല്ലൊ!
പരമാത്ഥപ്പൊരുളല്ലവം
അറിയുമ്പോളുവക്കുണ്ടാം
പരമാനന്ദരസംരസം.

16

ശില്പിയാം വിശ്വകമ്മാളർ
ശില്പിതന്നംശമല്ലയൊ?
ശില്പികൾ നമ്മളെല്ലാരും
ശില്പിശില്പിയിൽ ഗുപ്തവാൻ.

17

ഉപഗുപ്ത നവൻതന്നെ
ഗുപ്തവാനഖിലത്തിലും
സന്യസിക്കുന്നിതെപ്പോഴും
ബുദ്ധശിഷ്യനദൃശ്യവാൻ.

18

പഞ്ചാംഗ ഭൂഷണൻ ശില്പി
പഞ്ചഭൂതേശ സംഭവാൻ
അഞ്ചുപേരിവരല്ലാതെ
ഇല്ല മറ്റൊന്നു മാദിയിൽ.

19

പഞ്ചാനനത്തിൽ നിന്നുണ്ടായ്
പഞ്ചശില്പികളാദ്യമായ്

പഞ്ചകർമ്മാളർ ലോകത്തെ
വഞ്ചിക്കുന്നവർ വഞ്ചകർ.

20

വിശ്വാസവഞ്ചകൻ ദൈവം
വിശ്വോല്പത്തി വിനാശകൻ
വിശ്വസിക്കുന്നിതെല്ലാരും
വിശ്വശില്പിയിലെന്നപോൽ.

21

തട്ടാൻ തൊട്ടഞ്ചുപേരുണ്ട്
തട്ടാനാവില്ലൊരുത്തനും
വിഷ്ണുപേശ്വരർ സൃഷ്ടിക്കും
സൃഷ്ടി ഈശ്വര സൃഷ്ടിതാൻ

22

ദേവാലയങ്ങൾ നിർമ്മിപ്പോർ
ദേവനെപ്പണിയുന്നവർ
കർഷകർക്കായുധം നൽകി
ഹർഷവർഷം പൊഴിപ്പവർ.

23

അറിയാ പരമാർത്ഥത്തെ
വെറുതെ വേദമോതുവോർ
ഇലയം, ഭാവനാസൃഷ്ടി
വലവീശുന്ന പണ്ഡിതർ.

24

ഈശ്വരേച്ഛക്കുള്ളവന്മാർ
ഈശ്വരപ്രഭയുള്ളവർ
അഞ്ചുപേരുണ്ട് കൂടസ്ഥ–
രഞ്ചുമൊന്നിന്റെ വിത്തുകൾ

25

ബ്രഹ്മ, വിഷ്ണു, മഹേശന്മാർ
ശക്തി, മായാ, സ്വരൂപികൾ
അഞ്ചുപേരഞ്ചുശില്പക്കാർ–
രഞ്ചുമേക സഹോദരർ.

26

ഇരുമ്പ്, മരവും, ലോഹം,
കല്ല്, കാഞ്ചന, കർമ്മികൾ
പഞ്ചഭൂതാത്മരൂപങ്ങൾ
പഞ്ചബ്രഹ്മം സനാതനം.

27

ജ്ഞാനസാഹിത്യ വീരന്മാർ
സ്ഥാനമാനാർത്തി മത്തരായ്
മാനഹാനികളോർക്കാതെ
സ്ഥാനമാനം തകർക്കയോ!

28

ശങ്കരാചാര്യരും തോററു
സങ്കടപ്പെട്ടതീതമായ്

ശങ്കരസ്മൃതിയിൽ സത്യം
ശങ്കിച്ചാതാണത്തത്ഭുതം.

10

സർവ്വജ്ഞനല്ല താനെന്നും
സർവ്വജ്ഞൻ സമ്മതിച്ചുപോയ്
സർവ്വജ്ഞപീഠകർത്താവാം
സർവ്വജ്ഞൻ ശില്പിയാരഹോ!

"കാണപ്പെട്ടില്ലകാണും തിറമൊടതിന്ന് ക-
ണ്ണില്ല, കാലില്ല കയ്യി-
ല്ലാണല്ലാതില്ല മററില്ലണവുമളവുമി-
ല്ലാദിയില്ലന്തമില്ല.
സ്ഥൂണപ്രായം ജഡത്വം ചെററു പറയുവാ-
നില്ല മറെറാന്നുമില്ലി-
ക്കാണും ബ്രഹ്മാണ്ഡകോടിക്കപടനടകലാ-
ശില്പിയാണെന്റെ ദൈവം".

By N. കമാരനാശാൻ.

★

# ശിവഗിരി

ശൃങ്ങുകീഴ്ക്കൊത്ത് മലകളിൽ
പൊങ്ങുന്നു! പുതു കിരണങ്ങൾ
പറവകളുളു കണ്ടുളുലാനന്ദം
ചിറകുവടത്തിപ്പാടുന്നു.

ഉത്തരമാരുതനവ സ്വച്ഛസൌരഭ്യം
മാരുതനൊത്തു ചരിക്കുന്നു.
നരഹൃദയത്തിൽ പുളകം പൂണ്ടൊരു
ചരിതമുരപ്പാൻ മുതിരുന്നു.

കവിഭാവനയിൽ കവിതുളുമ്പി
ശ്രവണാമൃതമായൊഴുകുന്നു.
ആശാരികളേ! ഉണരു കനിങ്ങൾ
ലേശംപോലും വൈകാതെ.

അഞ്ചാശാരികളറിയട്ടെ അവർ
പഞ്ചാംഗത്തിൽ പരമാർത്ഥം
പ്രപഞ്ചശക്തികളുണരട്ടെ! ഞാൻ
പ്രപഞ്ചപുരുഷൻ ആശാരി!

പുരുഷാർത്ഥത്തെ കൈക്കൊള്ളാൻ
പുരുഷാനർത്ഥം തള്ളണം.

പതിതം പ്രൌഢ്യം ഉയർവ്വുന്മേഷം
മതിയുണരട്ടെ!—ഉണരട്ടെ!

"ഉദ്ധരേദാത്മനാത്മാനം
നാത്മാനമവസാദയേൽ
ആത്മൈവഹ്യാത്മനോബന്ധു
രാത്മൈവരിപുരാത്മനാ"

ഗീത.

പതിയം മൌഢ്യം ഉണർവ്വുന്മേഷം
ക്ഷിതിഗതിനോക്കൂ! മലമുകളിൽ
ജ്ഞാനത്തിയൻ ഉത്തമപുരുഷൻ
വേദത്തിയാ പുരുഷത്തി

യോഗത്തിപ്പോരി യൊന്നായ്ചേർന്നാ–
യോഗക്ഷേമം കൊണ്ടാടൻ
ഉത്തമപുരുഷൻ മൂർത്തടത്തിനു
സിദ്ധിച്ചനവ കൈവല്യം.

അങ്ങു കിഴക്കൊരു ശിവഗിരിയിൽ
പൊങ്ങിക്കാണും ഗുരുനിലയം
വെള്ളിത്തുട്ടുകൾ വാരിവിതച്ചൊരു
പള്ളിക്കെട്ടാം കോവിലകം.

മൂർത്തടം ഹാ! തൻറടം—പണി
തീർത്തവനോർത്താലാശാരി.
മൂർത്തടത്തു തീർത്തൊരു സുകൃതം
കീർത്തിക്കുന്നു! വിഹഗങ്ങൾ.

വെൺപ്പറവകൾ പാടുന്നു!—ഹാ
കുഞ്ഞിക്കിളികൾ കൂടുന്നു.
എന്തുമനോഹര മാമലമുകളിൽ
എന്തൊരു സുഖം കേൾക്കുന്നു.

പുരുഷാർത്ഥത്തിൽ പരമാർത്ഥം
ഉരിയാടുന്നോർക്കാവിലകം
അവരവർതന്താൻ സുഖമുള്ളമ്പോൾ
പരനതില്സ്സുഖമണയ്ക്കാതെ.

മതമേതാട്ടെ! നരനുവിശുദ്ധി
മിതഹിതമായാലതുമതമായി
ജാതികളെല്ലാം നരപര്യായം
ജാതംചെയ്യു പാദാർത്ഥങ്ങൾ

ഈശ്വരനേകൻ നരനാരായണ–
നീശ്വരസ്സുഖമിതോത്തുന്നു.
നരനാരായണനല്ലേ മനുജൻ
പരമാർത്ഥത്തെ ചിന്തിക്കൂ !!

# S. N.

വളരെ കാലം ഉൗരകത്താശ്രമത്തിൽ അമ്മയുടെ അടുത്തു ചെല്ലാതെയും അമ്മയുടെ നിർദ്ദേശമനുസരിച്ചും കർമ്മത്തിൽ അലഞ്ഞു വീണ്ടും ആശ്രമത്തിൽ അമ്മടെ അടുത്തെത്തിയപ്പോൾ.

(ശ്ലോകം)

1

പാമ്പായിരുന്നു പണിയുന്നൊരു പാമ്പുരൂപം
ഞാമ്പാർത്തുകൊണ്ട് പദതാരിൽ നമിച്ചനേരം
അമ്പോടു തുമ്പയുടെ പൂക്കളുറുത്തു മാതാ—
വെൻപാണിയിൽ പുഞ്ചിരി പൂണ്ടുനൽകി.

2

പുത്രകളത്രമോരോലോരോരോന്നുപിന്നീ—
ടതുലസുഖമണയ്ക്കും മട്ടിലാക്കം രസിപ്പാൻ
ഇതുവിധമെവിടേയും കണ്ടുകാണില്ല; കേൾപ്പാ
നതുപുനരെവിടെടത്താന്ത്രകത്താശ്രമത്തിൽ

3

കല്ലും, മരങ്ങളൊരുപോലെ മനുഷ്യരും, ഹാ!
ചൊല്ലുന്നു പഞ്ചാക്ഷരമന്ത്രമഹോവിചിത്രം
ഇല്ലിത്തരത്തിലൊരുദിക്കിലുമില്ലകേൾപ്പാ—
നില്ലല്ലഹിലില്ലെവിടെ ഉൗരകമാശ്രമത്തിൽ.

4

തന്നാത്മതത്വമറിയാതുഴലുന്നവൎക്കു്,
മൊന്നായതിന്റെ വഴിയോൎത്തു മനസ്സിലാക്കാൻ
ഒന്നാന്തരം തരമൊരുത്തിലുമില്ല കാണാം
ചൊന്നാലുമീയുരകമാശ്രമത്തിൽ.

5

കാശാദിയായവഴിവാട്ടുകൾവേണ്ടലേശം
ആശാരിയെന്നപൊരുൾ മാത്രമറിഞ്ഞിടേണം
ഈശാൎപ്പണം താനിതു താൻതനിക്ക–
ള്ളാശ്വാസമീ ഉരകമാശ്രമത്തിൽ.

6

ജാതിത്വമുണ്ടു് മതമുണ്ടതിലുള്ളഭേദ
ദ്വേഷങ്ങളുണ്ടവിടെ; അമ്മയിലില്ലതൊന്നും
ഓതേണ്ടതില്ലവിടെ മറ്റൊരുനാമമെന്തി–
ന്നോതുന്നതാ ശ്രുരകമാശ്രമത്തിൽ.

7

സങ്കല്പമാണു് ജനിക്കചരാചരാത്മ–
സങ്കല്പമാണറികയേക മനേകമെല്ലാം
സങ്കല്പമുദ്രയിലനന്തപദത്തിൽ മാളു
സങ്കല്പമീയുരകമാശ്രമത്തിൽ.

ഓം നമഃ ശിവായ

ഓം നമഃ ശിവായ

ഓം നമഃ ശിവായ

ഓം നമഃ ശിവായ

ഓം നമഃ ശിവായ